**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 127** **05-07-2022 - ൽ മറുപടിയ്ക്ക്**

**കർഷകരുടെ വരുമാന വർദ്ധനവിന് നടപടി**

| ചോദ്യം | | | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ വി ശശി,<br>ശ്രീ. വി. ആർ. സുനിൽകുമാർ** | | | |
| (എ) | സംസ്ഥാനത്ത് കർഷകരുടെ വരുമാനത്തിൽ അഞ്ചുവർഷം കൊണ്ട് അൻപത് ശതമാനം വർദ്ധന സൃഷ്ടിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | പതിനാലാം പഞ്ചവത്സര പദ്ധതി കാലത്ത് (2022-27) സംസ്ഥാനത്തെ കർഷകരുടെ വരുമാനം ഇരട്ടിയാക്കുവാനുള്ള നടപടികളാണ് സർക്കാർ കൈ<br><br>താഴെപ്പറയുന്ന നടപടികൾ ഇക്കാര്യത്തിൽ കൈക്കൊണ്ടുവരുന്നു.<br><br>1. ഉല്പാദനം, ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ.<br><br>2. കേരളത്തിലെ പ്രധാന വിളകളായ നെല്ല്, തേങ്ങ, പച്ചക്കറി, സുഗന്ധവിളകൾ എന്നിവയുടെ വിസ്തൃതിയും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കൽ<br><br>3. നവീന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ കൃഷിരീതികൾ, യന്ത്രവൽകൃത കൃഷിരീതികൾ അനുവർത്തിക്കൽ.<br><br>4. കൂടാതെ **ഞങ്ങളും കൃഷിയിലേയ്ക്ക്** പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന കൃഷി കൂട്ടങ്ങളുടെ 80% ഉല്പാദനമേഖലയിലും 20% സേവന സംഭരണ മൂല്യവർ<br>സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോ<br><br>5. സംസ്കരണം. മൂല്യവർദ്ധനവ്, വിപണന പിന്തുണ എന്നീ മേഖല സജീവമാക്കുന്നതിന് സ്റ്റാർട്ട് അപ്പുകൾ, എഫ്.പി.ഒ.കൾ, കൃഷിക്കൂട്ടങ്ങൾ എന്നിവയിലൂ<br><br>6. വിവര സാങ്കേതിക വിദ്യ അധിഷ്ഠിതമാക്കി കൃഷിരീതികൾ പ്രോത്സാഹിപ്പിക്കൽ.<br><br>7. വിള ഇൻഷുറൻസ് പദ്ധതികൾ കർഷക സൗഹൃദവും ആകർഷകവുമാക്കുവാനുള്ള നടപടികൾ.<br><br>8. പ്രമുഖമായ വിളകൾ കേന്ദ്രീകരിച്ചും, മേഖലകൾ കേന്ദ്രീകരിച്ചുമുള്ള പ്രത്യേക പദ്ധതികൾ.<br><br>9. കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ.<br><br>10. കർഷകർക്ക് ആവശ്യമായ സാങ്കേതിക ഉപദേശം കൃത്യമായി നൽകുവാനുള്ള ആസൂത്രിത ഇടപെടലുകൾ. |
| (ബി) | കാർഷിക ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് നൽകിവരുന്നത്; വിശദമാക്കാമോ; | (ബി) | കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകർക്ക് ഒരു കൈത്താങ്ങായാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം<br>പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. കാർഷിക മേഖലയിൽ തരിശു നില കൃഷി, പച്ചക്കറികൃഷിയിൽ മഴ മറ<br>21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. 2021-22 സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഘടകങ്ങൾ മറ്റു പദ്ധതികളായ നെൽ<br><br>കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള കേന്ദ്രീകൃത<br>വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത വികസന സമീപനത്തിന് ഈ വ<br>ന്നതിന് സംയോജിത കൃഷി മുറകളിലൂടെ കർഷകരുടെ ഫാമുകളിൽ മാതൃകാ പ്ലോട്ടുകൾ വികസിപ്പിക്കുകയാണ് കൃഷിവകുപ്പ് ഈ പദ്ധതിയിലൂടെ<br>വർഷം 10,760 ഇത്തരം യൂണിറ്റുകൾ പദ്ധതിക്ക് കീഴിൽ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>കാർഷിക രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതിയും കൃഷിവകുപ്പ് നടപ്പി<br>നടപ്പിലാക്കുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതി<br><br>മേൽപ്പറഞ്ഞ സംസ്ഥാന പദ്ധതികൾക്ക് പുറമെ കേന്ദ്രാവിഷ്കൃത പദ്ധതികളായ മിഷൻ ഓൺ ഇന്റിഗ്രേറ്റ്ഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ,<br>വികസനത്തിനായുള്ള പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ, രാഷ്ട്രീയ കൃഷി വികാസ് യോജന, എന്നിവയിലൂടെയും കർഷകർക്ക് സഹായങ്ങൾ നൽ |
| (സി) | മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (സി) | എല്ലാ കാർഷികോല്പന്നങ്ങളുടെയും മൂല്യ വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യ വർധന സംരംഭങ്ങൾക<br>വർദ്ധിപ്പിക്കുന്നതിനുത കുന്നതരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു.<br><br>ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി 2022-23 വർഷത്തിൽ 400 ലക്ഷം രൂപയാണ് എസ്.എഫ്.എ.സി.യ്ക്കായി വകയിരുത്തി യിട്ടുള്ളത്. പദ്ധ<br>സഹായം നൽകുന്നു. 2021- 2022 സാമ്പത്തിക വർഷത്തിൽ 17 സംരംഭകർക്ക് 2,47,74,519/- രൂപയാണ് സബ്സിഡി ആയി എസ്. എഫ്.എ.സി വഴി<br><br>കൃഷി വകുപ്പ് 2021-22 സാമ്പത്തിക വർഷത്തിൽ 80.10 ലക്ഷം രൂപ മൂല്യവർദ്ധിത യൂണിറ്റുകൾ തുടങ്ങുന്നതിനായി തുക അനുവദിച്ചു, 3 യൂണിറ്റുകൾക<br>മൂല്യവർദ്ധിത യൂണിറ്റുകൾ തുടങ്ങുന്നതിനായി 82.82 ലക്ഷം രൂപയും നൽകുകയുണ്ടായി.<br><br>**FPO** കൾ വഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും**,** തദ്വാരകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു**.** നബാർഡ്**,** നാഷണൽ<br>**45** എഫ്**.**പി**.**ഓ**.** കളിൽ നിന്നും **38** എണ്ണം എസ്**.**എഫ്**.**എ**.**സി**.** മുഖേനയുംകൂടാതെ വി**.**എഫ്**.**പി**.**സി**.**കെ മുഖേന **40** എഫ്**.**പി**.**ഓ കളും രജിസ്ട്രേഷൻ പൂർത<br><br>ഓരോ വിളയേ അടിസ്ഥാനമാക്കി നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയ<br>അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>കൂടാതെ നടപ്പ സാമ്പത്തിക വർഷത്തിൽ (2022-23) മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുന്നതിനു പ്രാഥമിക കാർഷിക സഹകരണ സംഘങ്ങ<br>സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾ, കാർഷിക കർമ്മ സേന, അഗ്രോ സർവീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ എന്നിവയ്ക്ക് 140 ലക്ഷം രൂപ |
| (ഡി) | ഓരോ വിളയുടെയും ഉല്പാദനക്ഷമതയ്ക്ക് ടാർജറ്റ് നിശ്ചയിച്ചിട്ടുണ്ടോ; ടാർജറ്റ് കൈവരിക്കുന്നതിനായി | (ഡി) | ഉണ്ട്.<br><br>ഓരോ വിളയുടെയും ഉല്പാദനശേഷി വർദ്ധിപ്പിച്ച് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ എത്തിച്ചേരേണ്ട ലക്ഷ്യം നിശ്ചയിച്ചിട്ടുണ്ട്.<br><br>ലക്ഷ്യം കൈവരിക്കുന്നതിനായി താഴെപ്പറയുന്ന ശാസ്ത്രീയമായ ഇടപെടലുകളാണ് നടത്താനു ദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| | ശാസ്ത്രീയമായ എന്തെല്ലാം ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | | 1. കാർഷിക പാരിസ്ഥിതികമേഖല ആധാരമാക്കി കേരളത്തെ 5 അഗ്രോ ഇക്കോളജിക്കൽ സോണുകളായും 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളാ<br>2. ഉല്പാദനക്ഷമത കൂടിയ വിത്തിനങ്ങളും തൈകളും പ്രോത്സാഹിപ്പിക്കും.<br>3. ശാസ്ത്രീയമായ മണ്ണ് പരിശോധനയും ഫലപ്രദമായ ഇടപെടലുകളുമുണ്ടാകും.<br>4. കാർഷിക ലബോറട്ടറികളുടെ പ്രവർത്തനം ആധുനികവൽക്കരിക്കും. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തും.<br>5. വള പ്രയോഗം/കീടനാശിനി പ്രയോഗം എന്നിവ ശാസ്ത്രീയമാക്കും.<br>6. നൂതന കൃഷിരീതികൾ അവലംബിക്കും.<br>7. യന്ത്രവൽക്കരണം ഫലപ്രദമായി ഉപയോഗിക്കും.<br>8. വിളവെടുപ്പ്, സംഭരണം, സംസ്കരണം എന്നിവയിൽ ആധുനിക സംവിധാനം ഉപയോഗപ്പെടുത്തും.<br>9. വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് കൃഷിരീതി മെച്ചപ്പെടുത്തും.<br>10. കൃഷി വകുപ്പിന്റെ ബഡ്ജറ്റ് മേൽ ലക്ഷ്യങ്ങൾക്കനുസൃതമായി പരിഷ്കരിക്കും. |

സെക്ഷൻ ഓഫീസർ